കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)1893/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680020

ഇ-മെയിൽ – dotsr.ksad@kerala.gov.in

ഫോൺ - 0487-2331249

തീയതി.05.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)1893/16 തിയ്യതി: 05.11.2016

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 30-09-2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. പഞ്ചായത്ത് 24-05-2015 മുതൽ 30-9-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകൈളാന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 4 മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 18 | 28 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബാങ്ക് അക്കൗണ്ടുകളുടെ പരിപാലനം | 2(1) |
| 2 | വാടക പിരിയ്ക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല | 2(2) |
| 3 | ഡി&ഒ ലൈസൻസ് അപാകതകൾ | 2(3) |
| 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2(4) |
| 5 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല | 2(5) |
| 6 | പട്ടികയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നത് | 2(6) |
| 7 | വസ്തുനികുതി കുടിശ്ശിക പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച | 2(7) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3(1) |
| 2 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3(2) |
| 3 | നൽകിയ മുഴുവൻ തുകയും മരുന്ന് ലഭ്യമായില്ല | 3(3) |
| 4 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല | 3(4) |
| 5 | പൗരാവകാശ രേഖയും സേവനാവകാശ രേഖയും തയ്യാറാക്കൽ | 3(5) |
| 6 | സോളാർ പാനൽ സ്ഥാപിക്കൽ – അപാകതകൾ | 3(6) |
| 7 | ആദായനികുതി ഈടാക്കിയിട്ടില്ല | 3(7) |
| 8 | കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല | 3(8) |
| 9 | സ്ട്രീറ്റ് ടാപ്പ്/സ്ട്രീറ്റ് ലൈറ്റുകൾ എന്നിവയുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല | 3(9) |
| 10 | ടെണ്ടർ ചെയ്തതിന് ശേഷം പ്രവൃത്തി സമൂലമായി മാറ്റി | 3(10) |
| 11 | ആശ്രയ പദ്ധതി | 3(11) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് | 4(10) |

| | റിപ്പോർട്ടുകളുടെ വിവരം | |
|---|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
|---|---|
| 1/ 30-03-2015 | 1(1)/ 02-03-2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം – 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി – 56,17,494.30

വരവ് – 5,29,65,031

ആകെ – 5,85,82,525.30

ചെലവ് – 5,60,65,915

നീക്കിബാക്കി – 25,16,610.30

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 17,78,000 | 7077723 | 8855723 | 10150190 | (+)1294467 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3968439 | 3968439 | 3968439 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8192000 | 8192000 | 8192000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2557777 | 2557777 | 2557777 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4144356 | 4144356 | 3249889 | (-)894467 | 0 |
| ലോക ബാങ്ക് സഹായം | 2634000 | 400000 | 3034000 | 2634000 | (-)400000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 196 | 80 | 88 | 28 | 40.81 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 29 | 52,80,352 | 34,14,167 | 64.6 |
| അസി.സെക്രട്ടറി | 2 | 1 | 5,00,000 | 3,00,000 | 60 |
| അസി.എഞ്ചിനീയർ | 128 | 47 | 5,80,48,191 | 2,28,60,852 | 39.4 |
| വി.ഇ.ഓ | 6 | 3 | 1,65,10,000 | 48,29,600 | 29 |
| കൃഷിഓഫീസർ | 7 | 4 | 35,47,670 | 7,27,694 | 21 |
| മെഡി.ഓഫീസർ പി.എച്ച്.സി | 4 | 4 | 6,59,575 | 4,32,065 | 66 |
| മെഡി.ഓഫീസർ ആയുർവ്വേദം | 1 | 1 | 4,50,000 | 4,00,000 | 89 |
| മെഡി.ഓഫീസർ വെറ്റിനറി | 4 | 4 | 21,89,000 | 12,60,500 | 57 |
| ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്. | 4 | 3 | 9,54,990 | 7,32,990 | 76 |
| ഐ.സി.ഡി.എസ്. സൂപ്പറവൈസർ | 6 | 5 | 24,05,724 | 16,97,625 | 70.5 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5329783 | 5671245* | 341462 | 6.41 |
| നികുതിയേതര വരവുകൾ | 2931453 | 2710012 | 221441 | (-)7-5% |
| ആകെ | 8261236 | 8381257 | 1200021 | 14.52 |

*1250 തൊഴിൽ നികുതി മുൻകൂർ

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3 | 3 | 0 | |
| 2 | തൊഴിൽ രഹിത വേതനം | 17 | 17 | 15 | |
| 3 | വിധവാ പെൻഷൻ | 76 | 76 | 13 | |
| 4 | വികലാംഗ പെൻഷൻ | 22 | 22 | 5 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 8 | 0 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 230 | 230 | 22 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-10-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹5614രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05-10-2016 | സെപ്റ്റംബർ 2016 | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 18-09-2015 | 2010-11മുതൽ 2014-15 വരെ | 06-11-2015& 01-12-2015 | |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക് അക്കൗണ്ടുകളുടെ പരിപാലനം

A) തനത്ഫണ്ട് അടവാക്കുന്നതിന് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു.

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ ധനകാര്യ പത്രിക പ്രകാരം നിലവിൽ ഒമ്പത് ബാങ്ക് അക്കൗണ്ടുകളാണ് ഉള്ളത് ആയത് താഴെ പറയുംപ്രകാരമാണ്

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ഏതാവശ്യത്തിന് |
|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വടക്കാഞ്ചേരി ശാഖ | 67075779569 | തനത് ഫണ്ട് |
| 2 | ചെറുതുരുത്തി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7200 | തനത് ഫണ്ട് |
| 3 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, ചെറുതുരുത്തി ശാഖ | 67258452810 | തനത് ഫണ്ട് |
| 4 | ട്രഷറി തനത് ഫണ്ട്- VPFA-1-2 Old | 783/2 | തനത് ഫണ്ട് |
| 5 | ട്രഷറി-TSB | STSB-4 | തനത് ഫണ്ട് |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വടക്കാഞ്ചേരി ശാഖ old | 57024912496 | Old -തനത് ഫണ്ട് |
| 7 | കാനറാ ബാങ്ക്,ഷൊർണ്ണൂർ | 39433 | HARIYALY |
| 8 | സ്റ്റേറ്റ് ബാങ്ക് ഓഫ് | 67258452810 | MGNREGS |

| | | | |
|---|---|---|---|
| | ട്രാവൻകൂർ, ചെറുത്തുരുത്തി ശാഖ | | |
| 9 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ചെറുത്തുരുത്തി ശാഖ | 67285255377 | MPLADS FUND |

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ നിലവിൽ തനത് ഫണ്ട് അടവാക്കുന്നതിനായി, മേൽ വിവരിച്ച പ്രകാരം ബാങ്ക് അക്കൗണ്ടുകൾ പരിപാലിച്ചു വരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26-05-2011-ലെ 58725/എഫ്.എം. നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നു നിർദ്ദേമുള്ളതാണ്. അയതിന്റെ അടിസ്ഥാനത്തിൽ, തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രം ഉപയോഗിക്കേണ്ടതാണ്.

B)കാലാവധി കഴിഞ്ഞ ചെക്കുകൾ അക്കൗണ്ടിൽ റീക്രെഡിറ്റ് ചെയ്തില്ല

സർവ്വീസ് സഹകരണ ബാങ്ക് ചെറുതുരുത്തിയിൽ സൂക്ഷിച്ചുവരുന്ന 7200 നമ്പർ അക്കൗണ്ടിൽ നിന്നും ചെക്ക് പുറപ്പെടുവിച്ച് 3 വർഷം കഴിഞ്ഞിട്ടും പണമാക്കിമാറ്റാത്ത ₹9727 രൂപയുടെ ചെക്ക് കാണുന്നു. ആയത് സർക്കാർ ഉത്തരവ് നം.(എം.എസ്)നം. 213/2015/ത.സ്വ.ഭ.വ. തിയ്യതി: 29-06-15ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് "റീക്രെഡിറ്റ്" ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

C) ബാങ്ക് അക്കൗണ്ടിൽ ബാലൻസ് വ്യത്യാസപ്പെട്ടിരിക്കുന്നു

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വടക്കാഞ്ചേരി ശാഖയിലുള്ള 67075779569 നമ്പർ അക്കൗണ്ട് പ്രകാരമുള്ള ബാങ്കിലെ നീക്കിയിരിപ്പ് ₹545366ഉം, ഗ്രാമപഞ്ചായത്ത് കണക്ക് പ്രകാരം ₹542366ഉം ആണ്. ₹3000 വ്യത്യാസം, കളക്ഷൻ ചെയ്യാത്ത ചെക്കായിട്ടാണ് റികൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിയ്ക്കുന്നത്. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞതിൽ, തൃപ്തികരമായി വിശദീകരിയ്ക്കുന്നതിനായി 17-10-2016ലെ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള 18-10-2016ലെ മറുപടിയ്ക്കായിട്ടില്ല. ആയതിനാൽ ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക പിരിയ്ക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

A) കഴിഞ്ഞ അഞ്ചു വർഷത്തെ വാടകയിനത്തിലുള്ള പിരവു വിവരം താഴെ ചേർക്കുന്നു

| വർഷം | കുടിശിക ഒഴികെയുള്ള തുക | | |
|---|---|---|---|
| | ഡിമാന്റ് | പിരിവ് | ബാലൻസ് |
| 2011-12 | 831150 | 752568 | 78582 |

| | | | |
|---|---|---|---|
| 2012-13 | 1069220 | 843155 | 226065 |
| 2013-14 | 1025634 | 1021685 | 3949 |
| 2014-15 | 1433288 | 1274118 | 159170 |
| 2015-16 | 1882191 | 1553724 | 328467 |

മേൽ പട്ടികയിൽ നിന്നും പഞ്ചായത്ത് വാടക പിരിവു വരുത്തുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി കാണാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ ആകെ ₹3,59,458 കുടിശികയിനത്തിൽ പിരിവു വരുത്തുന്നതിനായിട്ടുണ്ട്. കുടിശ്ശിക നിവാരണത്തിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

B) വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വാടകക്കാർ ദീർഘകാലമായി വാടക അടവാക്കി കാണുന്നില്ല. ഓഡിറ്റു വർഷത്തിൽ ഇവരിൽ നിന്നും വാടക പിരിയ്ക്കുന്നതിനായി യാതൊരു നടപടിയും ഉണ്ടായിട്ടില്ലാത്തതുമാണ്.

| ക്രമ നം. | വാടകക്കാരന്റെ പേരു വിവരം | കെട്ടിട നമ്പർ | അവസാനം വാടക ഒടുക്കിയ മാസം | വാടക രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|
| 1 | എം.എസ്. സുനന്ദ, സ്നേഹ ഗാർഡൻസ് | IV/49 | September 2015 | 40 |
| 2 | യൂസഫ് മാവടിയിൽ, ചെറുതുരുത്തി | III/325E | April 2014 മുതൽ അടവാക്കി കണുന്നില്ല | 44 |
| 3 | അബ്ദുൾ നാസർ | III/325F | January 2015 | 45 |
| 4 | സുരേഷ്, തെക്കേ വട്ടേക്കാട്, ചെറുതുരുത്തി | III/321(1) | September 2015 | 56 |
| 5 | ഹസീസ് റഹ്മാൻ, കിണറ്റിങ്കൽ,ചെറുതുരുത്തി | III/325D | 2015-16 ഒന്നും തന്നെ അടവാക്കിയിട്ടില്ല | 59 |

വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

C) വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നുംവള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, താഴെ കെട്ടിട നമ്പരിലുള്ള മുറികൾ ദീർഘകാലമായി വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു.

III/325C

III/325L

III/321

ഇവ വാടകയ്ക്കു നൽകി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഓ ലൈസൻസ് അപാകതകൾ

I) ഡി & ഓ ലൈസൻസ് ചട്ടം 17 പട്ടിക III പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുപാതികമായി ഫീസ്

ഈടാക്കിയത്തിൽ കുറവ്.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 31/15-16 | മുഹമ്മദ് ഷാഫി | മാളിയേക്കൽ സ്റ്റീൽ ഫാബ്രിക്കേഷൻ | 20 | 100 | 300 | 200 |
| 2 | 33/15-16 | കെ.വി.കണ്ണൻ | കവിയത്ത് എഞ്ചിനീയറിങ് വർക്ക്സ് | 10 | 100 | 200 | 100 |
| 3 | 38/15-16 | അബൂബക്കർ.കെ.എച്ച്. | നിളാ സ്പൈസസ് | 60 | 500 | 600 | 100 |
| 4 | 56/15-16 | അബ്ദുൾ ലത്തീഫ്.കെ.എം. | കെ.എം.സിമെന്റ് ഫാബ്രിക്ക്സ് & ടൈൽസ് | 16 | 100 | 200 | 100 |
| 5 | 76/15-16 | വർഗ്ഗീസ്.കെ.പി. | മാതാ ഓട്ടോ ഗാരേജ് | 8 | 50 | 100 | 50 |
| 6 | 90/15-16 | ഉപേന്ദ്രദേവ്.പി.ജി. | യശോദമ്മ റൈസ് & ഫ്ലവർ മിൽ | 10 | 100 | 200 | 100 |
| 7 | 135/15-16 | പരമേശ്വരൻ.കെ | ആർ.സി.എൻ. ഫ്ലവർ മിൽ | 10 | 100 | 200 | 100 |
| ആകെ വ്യത്യാസം | | | | | | | 750 |

II)ഡി & ഓ ലൈസൻസ് ചട്ടം 17 പട്ടിക III പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുപാതികമായി ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | 165/15-16 | രാജേഷ്.ടി.ബി. | ആദിത്യ ഫർണ്ണീച്ചർ | 4 | 50 |
| 2 | 166/15-16 | പ്രകാശ്.കെ | ഇന്ദിര മാച്ച് വർക്ക്സ് | 20 | 200 |
| 3 | 176/15-16 | ജാഫർ | യൂണിവേഴ്സൽ സ്റ്റീൽ | 4 | 50 |
| 4 | 179/15-16 | ഉഷ | അയ്യപ്പാ ബാഗ് വർക്ക്സ് | 3 | 50 |
| 5 | 182/15-16 | അമീൻ ഷാജഹാൻ | റൈയ്സ് & ഫ്ലവർ മിൽ | 10 | 100 |
| 6 | 194/15-16 | സി.ഗോപാലൻനായർ | ശ്രീകൃഷ്ണ ടിമ്പർ മിൽ | 38 | 400 |
| 7 | 197/15-16 | സുധ | സുധ ഫ്ലവർ മിൽ | 10 | 100 |
| 8 | 209/15-16 | സൈദ് അബ്ദുൾ ജലീൽ | ടെക്നോ സ്റ്റീൽ | 2 | 50 |
| 9 | 223/15-16 | മുഹമ്മദലി.കെ.എസ്. | കെ.എസ്.ഹോളോബ്രിക്സ് | 5 | 100 |
| 10 | 230/15-16 | അബ്ദുൾ റഷീദ്.കെ.എ. | റഷീദ് എഞ്ചിനീയറിങ് വർക്ക്സ് | 2 | 50 |

| | | | | | |
|---|---|---|---|---|---|
| 11 | 261/15-16 | പരമേശ്വരൻ | മഹാദേവൻ ഹേളോബ്രിക്സ് | 5 | 100 |
| 12 | 280/15-16 | അബ്ദുൾ ഖാദർ | തോട്ടുമ്മൂച്ചിക്കൽ റൈസ് മിൽ | 10 | 200 |
| ആകെ ഈടാക്കേണ്ട തുക | | | | | 1450 |

III) താഴെ പറയുന്ന താമസിച്ച് സമർപ്പിച്ച ഡി & ഓ ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിന്റെ 25% ബിലേറ്റഡ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തിയതി | ഈടാക്കിയ ലൈസൻസ് ഫീസ് | അധിക ഫീസ് ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|
| 1 | 174/15-16 | നസീറ,ജമീല സ്റ്റോഴ്സ്, ചെറുതുരുത്തി | 17.06.2015 | 100 | 25 |
| 2 | 222/15-16 | അബ്ദുൾ അസീസ്, സ്മാർട്ട് ഫ്ലോറിംഗ് കളക്ഷൻ, ചെറുതുരുത്തി | 07.08.2015 | 200 | 50 |
| 3 | 228/15-16 | അബ്ദുൾ റഷീദ്, ദിൽറൂബാ കളക്ഷൻ, ചെറുതുരുത്തി | 15.07.2015 | 200 | 50 |
| 4 | 234/15-16 | പി.എ. ഉബൈദ്, ഇന്ത്യൻ ഫർണ്ണീച്ചർ ആന്റ് ഹോം അപ്ലെയ്ൻസ്,ചെറുതുരുത്തി | 05.10.2015 | 200 | 50 |
| 5 | 288/15-16 | ഷക്കീല, ഫൈൻ ലേഡിസ് ടൈലറിംഗ്, ചെറുതുരുത്തി | 14.09.2015 | 100 | 25 |
| ആകെ | | | | | 200 |

III) ലൈസൻസ് നം. 317/15-16 മുതൽ 383/15-16 വരെയുള്ളവ നൽകിയതായി രജിസ്റ്ററിൽ ഉണ്ടെങ്കിലും അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ ലൈസൻസ് അപേക്ഷയുടെ തിയതി,ഏത് ആവശ്യത്തിനാണ്, ട്രേയ്ഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയത്തിന്റെ വിവരം എന്നിവ രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

വരവിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ 2400 രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1) യോഗക്ഷേമം കുറീസ് ലിമിറ്റഡ്

2) മാനസി മെഡിക്കൽ സെന്റർ

3) നിലഞ്ജലി ഓഡിറ്റോറിയം

4) കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്

5) ബി.എസ്.എൻ.എൽ.

6) ഡിസ്കവറി കുറീസ്

7) സിറ്റി ഓഡിറ്റോറിയം

8)രാഗമാലിക ഓഡിറ്റോറിയം

9) സുന്ദരം ഓഡിറ്റോറിയം

10) മെഹതോർ ചിറ്റ്സ്

11) സി.ജി. ലാബ്

12) ചന്ദ്ര ഹോമിയോ ക്ലിനിക്ക്

13) കേരള ക്ലിനിക്ക് ലാബോറട്ടറി

14) ഭാരതമാതാ കുറീസ്

15) രാജീവ് ട്രാവൽസ്

16) ജമീല ട്രാവൽസ്

17)ഐശ്വര്യ ഫിനാൻസ്

18)ടി.ഡി.എസ്. സിൻഡിക്കേറ്റ് കുറീസ്

19) മലബാർ പ്രോഡക്ട്സ്

20) ഹിൽവാലി കുറീസ്

21) ഐ വിഷൻ ഐ ക്ലീനിക്ക്

22) നിള പോളി ക്ലിനിക്ക്

23) ഏഷ്യൻ പോളി ക്ലിനിക്ക്

25) ശ്രീ കരുണാ ഡെൻറൽ ക്ലിനിക്ക്.

മേൽ പറഞ്ഞവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് വരവിനത്തിലുണ്ടായ നഷ്ടം ₹ 62,500/- (25X2500=62,500) ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല

താഴെ പറയുന്ന സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ ഫീസ് ഈടാക്കിയതിന്റെയോ വിശദാംശം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1) ദി റിവർ ട്രീറ്റ്

2) ഐ വിഷൻ ഐ ക്ലിനിക്ക്

3)എക്കോ ഗാർഡൻസ്

4) നിള പോളി ക്ലിനിക്ക്

5) ഏഷ്യൻ പോളി ക്ലിനിക്ക്

6)ശ്രീ കരുണാ ഡെൻറൽ ക്ലിനിക്ക്

7)പി.എൻ.എൻ.എം. ആയുർവേദ മെഡിക്കൽ കോളേജ്

കേരള പഞ്ചായത്തീരാജ് – സ്വകാര്യ ആശുപത്രികളുടേയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 പ്രകാരം, രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പട്ടികയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ മിനട്സ് പരിശോധിച്ചപ്പോൾ 16.1.16ലെ 16-ാം നമ്പർ തീരുമാനം പ്രകാരം, വരുമാന നഷ്ടം ഒഴിവാക്കുന്നതിന്, 1996 ലെ കേരള പഞ്ചായത്തീരാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 1-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനമെടുത്തതായി കണ്ടു.

1994 ലെ കേരള പഞ്ചായത്തിരാജ് നിയമങ്ങളിലെ 234-ാം വകുപ്പ് നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സർക്കാർ രൂപീകരിച്ച മേൽപ്പറഞ്ഞ ചട്ടങ്ങളിലെ 1-ാം ചട്ടം അനുസരിച്ച് പ്രസ്തുത ചട്ടങ്ങളുടെ 1-ാം പട്ടികയിൽ മനുഷ്യരുടെ ജീവനോ ആരോഗ്യത്തിനോ സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ള കാര്യങ്ങൾ ഏതൊക്കെയാണെന്ന് പ്രത്യേകം പറയുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ചട്ടം 14 അനുസരിച്ച് ഈ ചട്ടങ്ങളിലെ 12,13 എന്നിവ പ്രകാരം എടുത്ത/എടുക്കാൻ വിട്ടുപോയ ഏത് നടപടി സംബന്ധിച്ചും യുക്തമായ ഉത്തരവ് പുറപ്പെടുവിക്കുകയോ സെക്രട്ടറിക്ക് വേണ്ട നിർദ്ദേശം നൽകുകയോ ചെയ്യുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ പഞ്ചായത്ത് തീരുമാനം നിയമപ്രകാരം നിലനിൽക്കുന്നതല്ല എന്ന് കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ സർക്കാരിൽ നിന്നും വ്യക്തത നേടിയ ശേഷം മാത്രം തുടർ നടപടികൾ സ്വീകരിക്കാവൂ എന്ന് അഭിപ്രായപ്പെടുന്നു.

## 2-7 വസ്തുനികുതികുടിശിക പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വസ്തുനികുതി പിരിവ് താഴെ ചേർക്കുന്നു

| വർഷം | കുടിശിക ഒഴികെയുള്ള വസ്തുനികുതി | | | കുടിശിക വസ്തുനികുതി | | |
|---|---|---|---|---|---|---|
| | ഡിമാന്റ് തുക | പിരിവുതുക | പിരിവ് ശതമാനം | ഡിമാന്റ് തുക | പിരിവുതുക | പിരിവ് ശതമാനം |
| 2011-12 | 13,21,474 | 9,31,351 | 70.47 | 8,07,808 | 3,22,269 | 39.89 |
| 2012-13 | 15,36,334 | 12,26,255 | 79.81 | 8,73,936 | 4,69,581 | 53.73 |
| 2013-14 | 33,93,236 | 14,37,589 | 42.36 | 7,11,278 | 2,29,337 | 32.24 |
| 2014-15 | 36,58,265 | 21,11,035 | 57.70 | 22,29,641 | 14,56,698 | 65.33 |
| 2015-16 | 35,43,637 | 26,58,263 | 75.01 | 23,06,552 | 11,98,312 | 51.95 |

വാർഷിക ധനകാര്യ പത്രിക പ്രകാരം 31-03-2016ന് ആകെ ₹20,67,336/- വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. ആയത് 2015-16 വർഷത്തെ മൊത്തം പദ്ധതി ചെലവിന്റെ 6% (മൊത്തം പദ്ധതി ചെലവ്: ₹3,66,55,493) വരും. തനതു ഫണ്ടിൽ മതിയായ പണം ഇല്ലാതെ വിഭാവനം ചെയ്ത പല പദ്ധതികളും, പാതിയിൽ ഉപേക്ഷിക്കുകയോ, പൂർത്തിയാക്കാതിരിക്കുകയോ ചെയ്യുന്ന സ്ഥിതിവിശേഷം നിലനിൽക്കെ, വികസനാവശ്യത്തിനടക്കമുള്ള പഞ്ചായത്തിന്റെ ദൈനംദിന ആവശ്യത്തിനുപയോഗിക്കേണ്ട തുക പിരിച്ചെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരവും രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ തുടരാത്തവരുടെ സബ്സിഡി വിഹിതം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ് :

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പ്രൊജക്റ്റ് - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (2/16)

അടങ്കൽ - 187500/- (വികസനഫണ്ട് )

312500/- (സംസ്ഥാനവിഹിതം)

625000/- (ഗുണഭോക്തൃവിഹിതം)

125000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ആകെ 12,50,000/-

ചെലവ്- 187500 ട്രഷറി ബിൽ നം- 1/15-16/16.7.15

125000ട്രഷറി ബിൽ നം- 3/15-16/19.9.15

50 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് വിഹിതം 312500/- രൂപ എസ്.എൽ.ബി.പി.ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. തീറ്റവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ കന്നുകുട്ടികളെ വിറ്റതിനാൽ മൂന്ന് ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് തുടരുന്നില്ലെന്ന് കാണുന്നു. 2014-15 വർഷവും ഇതേ പ്രോജക്ട് നടപ്പാക്കുന്നതിന് തുക നൽകിയതിൽ 12ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് ഇടയ്ക്ക് വെച്ച് നിർത്തിയതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ മുഴുവൻ ഗുണഭോക്താക്കൾക്കും വകയിരുത്തിയ തുക പൂർണ്ണമായും എസ്.എൽ.ബി.പി.ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

ആയതിനാൽ 2015-16 ഉൾപ്പെടെ വിവിധ വർഷങ്ങളിൽ കൈമാറിയിട്ടുള്ള തുകയിൽ എസ്.എൽ.ബി.പി.ഡെപ്യൂട്ടി ഡയറക്ടറുടെ കൈവശം അധികമായി കിടക്കുന്ന തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എൻക്വയറി നം.12/19-10-16)

## 3-2 വിവിധ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല :-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ സമ്പൂർണ്ണ ഭവന നിർമ്മാണം ജനറൽ (21/16), സമ്പൂർണ്ണ ഭവന നിർമ്മാണം വനിത (22/16) എന്നീ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല. അടങ്കൽ വെച്ച തുകയിൽ തനത് ഫണ്ട് ഒഴികെ ബാക്കി മുഴുവനും വിനിയോഗിച്ചുവെങ്കിലും പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. തനത് ഫണ്ടിന്റെ കുറവാണ് ഇതിനു കാരണമായി പറയുന്നത് എന്നിരിക്കെ എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നതും എടുത്തു പറയേണ്ടതാണ്.

## 3-3 നൽകിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല - മുടങ്ങി കിടക്കുന്ന പണം :

നിർവഹണ ഉദ്യോഗസ്ഥൻ – PHC മെഡിക്കൽ ഓഫീസർ
പ്രോജക്ട് - പെയിൻ & പാലിയേറ്റീവ് (9/16)

അടങ്കൽ - 378703

ചെലവ് - 2,78,703/- 10/15-16, 15-3-16

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് 17-3-16 ന് 1,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുകയുണ്ടായി. എന്നാൽ 29-8-16 ലെ മൂന്ന് ഇൻവോയ്സുകളിലായി (2738, 2739, 2740) 71,889/- രൂപയുടെ മരുന്നും ഉപകരണങ്ങളും മാത്രമേ ലഭിച്ചിട്ടുള്ളൂ. 2014-15 വർഷത്തെ പ്രോജക്ട് പ്രകാരവും നൽകിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി.

ഇപ്രകാരം മുടങ്ങി കിടക്കുന്ന പണത്തിന് പകരം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കിയിട്ടില്ല -

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന THRS ഭക്ഷ്യമിശ്രിതം - ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം, ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ICD- SB 3- 312 /2010 തീയ്യതി 05-06-10, 01-02-10 എന്നീ കത്തുകളിലൂടെ സാമൂഹ്യ ക്ഷേമ വകുപ്പ് ശിശു വികസന ഓഫീസർമാർക്കും, പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന THRS ഭക്ഷ്യ മിശ്രിതത്തിന്റെ നിലവാരം പരിശോധിക്കുന്നതിന് ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ന്യൂട്രിമിക്സ് സാമ്പിളുകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 പ്രോജക്ട് - പൗരാവകാശ രേഖയും സേവനാവകാശരേഖയും തയ്യാറാക്കൽ (106/16)

അടങ്കൽ -270000

ചെലവ് - 241600 (ഡിഡിനം.744242/27-10-15, 744868/3-11-15)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2014-15 വർഷം തനത് ഫണ്ടിൽ നിന്നും അടങ്കൽ തുക ഒരു ലക്ഷമായി വകയിരുത്തിയ ടി പ്രോജക്ടിന് വേണ്ടി 29-11-14 ൽ ക്വട്ടേഷൻ വിളിക്കുകയും ഇത് പ്രകാരം 2 ക്വട്ടേഷൻ ലഭിക്കുകയും ചെയ്തു. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആർട്ട് ബീറ്റ്സ്, ചെറുതുരുത്തി എന്ന സ്ഥാപനത്തിന്റെ 1,69,500/- രൂപയുടെ ക്വട്ടേഷൻ 5-12-14 ൽ അംഗീകരിക്കുകയുണ്ടായി. ഇതനുസരിച്ച് ആർട്ട് ബീറ്റ്സ് എന്ന സ്ഥാപനത്തിന് 5000 കോപ്പി പ്രിന്റ് ചെയ്ത് ഓഫീസിൽ എത്തിക്കുന്നതിനായി 5-3-15 ൽ വർക്ക് ഓർഡർ നൽകി.

തുടർന്ന് 2015-16 വർഷം അടങ്കൽ തുക 1,70,000/- രൂപയായി ഉയർത്തി പ്രോജക്ട് സ്പിൽ ഓവറാക്കി വയ്ക്കുകയുണ്ടായി. എന്നാൽ 26-9-15 ലെ 69(2) നംപർ തീരുമാനത്തിൽ ബ്ലാക്ക് ആന്റ് വൈറ്റ് പ്രിന്റ് മാറ്റി കളർ പ്രിന്റ് ചെയ്യുന്നതാണ് ഉചിതം എന്ന് തീരുമാനിച്ചതിനാൽ പ്രോജക്ട് റിവൈസ് ചെയ്യുകയും അടങ്കൽ തുക

2,70,000/- രൂപയാക്കുകയും ചെയ്തു.

പ്രോജക്ട് റിവൈസ് ചെയ്തതനുസരിച്ച് റീ ടെണ്ടർ വിളിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് പകരം സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള 2,41,000/- രൂപ നൽകുകയാണുണ്ടായത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്ട് - സോളാർ പാനൽ സ്ഥാപിക്കൽ (114-16)

അടങ്കൽ - 527296

ചെലവ് - 527296 (DD നം.745031, 745032 -21-12-15)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2014-15 വർഷം മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി CDIT മായി കരാറിലേർപ്പെടുകയും സിഡിറ്റ് നൽകിയ എസ്റ്റിമേറ്റഡ് പ്രോജക്ട് കോസ്റ്റ് തുകയായ 10,54,592/- രൂപയ്ക്ക് പ്രോജക്ട് അംഗീകരിക്കുകയുമുണ്ടായി. തുടർന്ന് വർക്ക് ഓർഡർ നല്കുകയും 17-10-2014ൽ പകുതി തുകയായ 5,27,296/- രൂപ (ഡിഡിനം.713534/16-10-14) കൈമാറുകയും ചെയ്തു.

കരാറിൽ 5 KWP സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റഡ് പ്രോജക്ട് കോസ്റ്റ് 9,50,000/- രൂപയും ഇത് പ്രകാരം ലഭിക്കേണ്ട 30% സബ്സിഡി 2,85,000/- രൂപയും സബ്സിഡി കഴിച്ചുള്ള തുക 6,65,000/- രൂപയുമാണ്. കൂടാതെ വാറ്റ്, ഇൻസ്റ്റലേഷൻ ചാർജ്, സർവീസ് ടാക്സ് ഇവയെല്ലാമുൾപ്പെടെ ആകെ പ്രോജക്ട് കോസ്റ്റ് 10,54,592/- രൂപയാണ്. 19-11-2015ലെ സിഡിറ്റിന്റെ കത്തിൽ പവർ പ്ലാന്റ് കമ്മീഷൻ ചെയ്തതായും ബാക്കി തുക 5,27,296/- രൂപ 21-12-15ൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം സിഡിറ്റ് ഫൈനൽ ബിൽ നൽകിയിട്ടില്ല. എസ്റ്റിമേറ്റഡ് പ്രോജക്ട് പ്രകാരം മുഴുവൻ തുകയും കൈമാറിയതനുസരിച്ച് ലഭിക്കേണ്ട സബ്സിഡി 2,85,000/- രൂപയാണ്. എന്നാൽ 17-6-2016 ലെ സിഡിറ്റിന്റെ കത്തിൽ ആകെ ചെലവ് 8,09,187/- രൂപയാണെന്നും സബ്സിഡിയായി 2,45,405/- രൂപ തിരികെ നൽകുന്നതായും കാണുന്നു. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച 30% സബ്സിഡി എത്രയാണെന്ന് സിഡിറ്റ് വ്യക്തമാക്കിയിട്ടില്ല.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കികാണുന്നില്ല. സോളാർ പാനൽ സ്ഥാപിക്കുന്നതിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ രീതിയിൽ അതിന്റെ പ്രയോജനം ലഭ്യമാകുന്നുവെന്നും വൈദ്യുതിയുടെ ഉപയോഗം എപ്രകാരം നിയന്ത്രിക്കാമെന്നും പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതായിരുന്നു. സോളാർ പാനൽ സ്ഥാപിച്ചതിലൂടെ വൈദ്യുതിയുടെ ഉപഭോഗത്തിൽ കാര്യമായ കുറവു വന്നില്ല എന്നതും പരിശോധനാ വിധേയമാക്കേണ്ടതാണ്. സോളാർ പാനൽ സ്ഥാപിച്ചതിന് മുമ്പും അതിനു ശേഷവും ഉള്ള വൈദ്യുതി ചാർജ് താഴെ കാണുംപ്രകാരമാണ്.

| മാസം | വൈദ്യുതി നിരക്ക് |
|---|---|
| 10/2014 | 8410 |
| 12/2014 | 8343 |
| 2/2015 | 9450 |
| 4/2015 | 10435 |
| 10/2015 | 7913 |
| 12/2015 | 8749 |

| | |
|---|---|
| 2/2016 | 8325 |
| 4/2016 | 8549 |

കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട 30% സബ്സിഡി സിഡിറ്റ് മുഖാന്തരം സ്ഥാപനത്തിന് ലഭിക്കുന്നതായാണ് കരാറിൽ പറഞ്ഞിരിക്കുന്നത് എന്നാൽ യഥാർത്ഥത്തിൽ ലഭിക്കേണ്ട സബ്സിഡി പൂർണ്ണമായും ലഭിച്ചോ എന്ന് ഉറപ്പാക്കാനായിട്ടില്ല. അതിനാൽ ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് സിഡിറ്റിനോട് ആവശ്യപ്പെടേണ്ടതാണ്.

## 3-7 ആദായനികുതി ഈടാക്കിയിട്ടില്ല -

പ്രോജക്ട് - സ്ട്രീറ്റ് ലൈറ്റ് റിപ്പയർ &ആനുവൽ മെയിന്റനൻസ് (110/16)

അടങ്കൽ - 219741

ചെലവ് - 219741

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2014 15 വർഷം മേൽ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 1-1-2015 ൽ എ.കെ.ഇലക്ട്രിക്കൽസ്, കുറ്റനാട് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയുണ്ടായി. 22w സിഎഫ്എൽ ഒരെണ്ണം റിപ്പയർ ചെയ്യുന്നതിന് 450/- രൂപയായി ക്വട്ടേഷൻ ഉറപ്പിക്കുകയും ചെയ്തതായി കാണുന്നു. ഇത് പ്രകാരം കരാറുകാരന് 2015-16 വർഷം 2,19,741/- രൂപയും 2014 15 വർഷം 78,975/- രൂപയും ഉൾപ്പെടെ ആകെ 2,98,716/- രൂപ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നൽകിയ തുക | ചെക്ക് നംപർ/ ട്രഷറി ബിൽ നം. തിയതി |
|---|---|
| 78975 | 9/15-16, 17-8-15 |
| 21025 | 21/15-16, 27-10-15 |
| 27725 | 743932/20-10-15 |
| 30000 | 743931/20-10-15 |
| 62016 | 57024/20-2-16 |
| 78975 | 47928/21-2-15 |
| ആകെത്തുക – 2,98,716 | |

1967 ലെ ആദായനികുതി നിയമം സെക്ഷൻ 194/സി പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് നൽകുന്ന പ്രതിഫലത്തുകയിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. പാൻ നംപർ ഇല്ലങ്കിൽ 20% നിരക്കിലും ഈടാക്കേണ്ടതാണ്. അതിനാൽ മേൽ പരാമർശിച്ച നിരക്കിൽ ആദായനികുതി ഈടാക്കി അടവാക്കേണ്ടതാണ്.

## 3-8 കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 15 കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പ് നാളിതുവരെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. 2015-16 ൽ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ കണ്ടിജന്റ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 4,31,298/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ കുടിവെള്ള വിതരണ പദ്ധതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്ന പദ്ധതികൾ, ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കിയ പദ്ധതികൾ, ഗുണഭോക്താക്കളുടെ സഹായത്തോടെ ആരംഭിച്ച് പരിപാലിക്കാൻ വിഭാവനം ചെയ്ത സ്വജൽ ധാര/ ജലനിധി പദ്ധതികൾ എന്നിവയുടെ വൈദ്യുതി ചാർജ്, അറ്റകുറ്റപ്പണിയുടെ ചെലവ്, പമ്പ് ഓപ്പറേറ്ററുടെ ശമ്പളം എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കരുതെന്നും പ്രസ്തുത ചെലവുകൾ ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നും, പൊതു ടാപ്പുകൾ മാത്രമുള്ള പദ്ധതികളുടെ ചാർജ്ജും മറ്റ് ചെലവുകളും ഗുണഭോക്തൃസമിതി രൂപീകരിക്കാൻ സാധ്യമാകാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കാമെന്നും സ.ഉ.(സാധാ)നം. 1275/2009/ത.സ്വ.ഭ.വ തീയ്യതി.30.5.2009, സർക്കുലർ നം.674/കെ.2/07/ത.സ്വ.ഭ.വ തീയ്യതി.25.2.2007 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശമുണ്ട്.

കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് ഏല്പിച്ച് കൊടുക്കുന്നതിന് തീരുമാനം എടുക്കണമെന്ന് 16.1.2016 ചേർന്ന ഭരണ സമിതി മീറ്റിംഗിൽ സെക്രട്ടറി അജണ്ട സമർപ്പിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗം പദ്ധതികളിലെ ഗുണഭോക്താക്കൾ എസ്.സി/എസ്.ടി മേഖലയിലെ ഗുണഭോക്താക്കളെക്കാൾ പാവപ്പെട്ടവർ ആണെന്ന് അഭിപ്രായപ്പെട്ട് നിലവിലുള്ള അവസ്ഥ തുടരുന്നതിന് 16/16.1.16 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് തീരുമാനം എടുക്കുകയാണുണ്ടായത്. ഈ തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

## 3-9 സ്ട്രീറ്റ് ടാപ്പ്/സ്ട്രീറ്റ് ലൈറ്റുകൾ എന്നിവയുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

329 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ പ്രതിമാസം 1,43,938/- രൂപയും, സ്ട്രീറ്റ് ലൈറ്റ് വൈദ്യുതിചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി യിൽ ശരാശരി 1.25 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നുണ്ട്. പ്രവർത്തിക്കാത്ത പൊതുടാപ്പുകളും സ്ട്രീറ്റ് ലൈറ്റുകളും ഉണ്ടായിരിക്കുന്നതിനുള്ള സാധ്യത വളരെ അധികമാണെന്ന വസ്തുത മുൻനിർത്തി ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പ്/സ്ട്രീറ്റ് ലൈറ്റുകൾ എന്നിവയുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് 13/16.1.16 നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്ത് തീരുമാനം എടുത്തിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് നാളിതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതുപോലെ ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാനം, തരം, ശരാശരി വൈദ്യുതി ഉപഭോഗം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. അതിനാൽ വാട്ടർ അതോറിറ്റിയിൽ നിന്നും കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് ലെറ്ററുകൾ പ്രകാരമുള്ള തുക ഒടുക്കുകയല്ലാതെ ഡിമാന്റ് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കപ്പെടുന്നില്ല. അതിനാൽ സംയുക്ത പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 നല്ല വരമ്പത്ത് കോളനി റോഡ് നവീകരണം - ടെണ്ടർ ചെയ്തതിന് ശേഷം പ്രവൃത്തി സമൂലമായി മാറ്റി

പ്രൊജക്ട് നം.എസ്.0052/16

അടങ്കൽ - എം.ജി.റോഡ് – 550000

തനത് – 370000

ആകെ - 857000

പ്രവൃത്തി മൂല്യം - 831724 രൂപ

ചെലവ് - ബിൽ നം.52/16. 550000/- രൂപ

എം.ബുക് നം.207/15-16

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 245 മീറ്റർ നീളമുള്ള ഈ റോഡിന്റെ വെള്ളം കെട്ടിനിൽക്കുന്ന ഭാഗത്ത് 105 മീറ്റർ നീളത്തിൽ കോൺക്രീറ്റിങ്ങും ബാക്കി 140 മീറ്റർ നീളത്തിൽ ബിറ്റുമിൻ റോഡ് നിർമ്മിക്കുന്നതിനുമാണ് പദ്ധതിയിട്ടത്. കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് 2,71,921/- രൂപയും ബിറ്റുമിൻ പ്രവൃത്തികൾക്ക് 5,73,079/- രൂപയുമാണ് ഇത് പ്രകാരം ചെലവ് കണക്കാക്കിയിരുന്നത്. തുടർന്ന് 22.7.2015 ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും 1.10.2015ന് കരാർ ഒപ്പുവെയ്ക്കുകയും ചെയ്തു. എന്നാൽ ഇതിന് ശേഷം പഞ്ചായത്ത് ഭരണ സമിതിയുടെ 10/16.2.2016 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്താതെ മുഴുവൻ പ്രവൃത്തിയും കോൺക്രീറ്റ് ആക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയും, പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്യുകയുണ്ടായി. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഒപ്പുവച്ച ശേഷം പ്രവൃത്തിയുടെ സ്വഭാവത്തിൽ സമൂലമായ മാറ്റം വരുത്തിയത് പ്രവൃത്തി ടെണ്ടർ ചെയ്തതിന്റെ സുതാര്യത നഷ്ടപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇത് ക്രമപ്രകാരമല്ല.

## 3-11 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയുടെ പ്രവർത്തന പുരോഗതി താഴെ കാണും പ്രകാരമാണ്. ഒന്നും രണ്ടും ഘട്ടമായി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതിയിൽ തുടർ പ്രവർത്തനങ്ങൾ ഇനിയും അനിവാര്യമായി തുടരേണ്ടതുണ്ട്. 2015-16 വർഷം വരെയുള്ള കാലയളവിൽ ആശ്രയ പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്നും നൽകിയ തുകയിൽ 5 ലക്ഷത്തിലധികം തുക (5,54,160) ചെലവു ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ തുടർ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവ്വേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 103 | 39 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 275 | 93 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 33 | 8 |
| 4 | നാളിതുവരെ ലഭിച്ചവർ | - | - |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 11 | 15 |
| 6 | നാളിതുവരെ ലഭിച്ചവർ | 8 | 0 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 34 | 17 |
| 8 | നാളിതുവരെ ലഭിച്ചവർ | 16 | 0 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 13 | 8 |
| 10 | നാളിതുവരെ ലഭിച്ചവർ | 3 | |
| 11 | പദ്ധതി പ്രകാരം കുടിവെള്ള | വിവരം | |

| | | | |
|---|---|---|---|
| | സൗകര്യം ആവശ്യമുള്ളവർ | ലഭ്യമാക്കിയില്ല | |
| 12 | നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമാക്കിയില്ല | |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | വിവരം ലഭ്യമാക്കിയില്ല | |
| 14 | നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമാക്കിയില്ല | |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് /വ്യക്തികൾക്ക് ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായെ നല്കിവരുന്ന | 103 | 39 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രതൃവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 90891 | ശാരിരീക/മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90861 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | ഭവന നിർമ്മാണ വായ്പ | 32661/ഡി.ബി1/09 തിയ്യതി:16.06.2009 | 3270000 | 695000 | 695000 | 23996 | 0 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10010 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10010 |

(2015-16) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ലിമിറ്റഡ് നം. എസ്.ടി 7 ലെ 5000/-രൂപ വിലയുള്ള രണ്ട് ഓഹരികൾ. സർട്ടിഫിക്കറ്റ് നം.059/31-1-2001 | 10000 | സർട്ടിഫിക്കറ്റ് നം.059/ 31-1-2001 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ₹ 35,622/- ഈടാക്കിയിട്ടുണ്ട്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| ഒന്നുമില്ല | | | |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം/ തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഇല്ല | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,29,65,031 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,60,65,915 |
| വരവിനങ്ങളിലുള്ള നഷ്ടം | 2400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-3 | 2400 | വി.മായ, സെക്രട്ടറി |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 |
| 71-72 | എൽ.എഫ്.ടി.1-2087/74/ 02.07.74 | 5 |
| 73-74 | എൽ.എഫ്.ടി.1- 5829/75/ 23.12.75 | 2 |
| 74-75 | എൽ.എഫ്.ടി.10-47/87 /2/2/87 | 10 |
| 75-76 | എൽ.എഫ്.ടി.4-267/77/ 05.09.77 | 15 |
| 76-77 | എൽ.എഫ്.ടി4- 1954/78/ 04.08.78 | 10 |
| 77-78 | എൽ.എഫ്.ടി.10-1512/81/ 02.12.81 | 10 |
| 78-79 | എൽ.എഫ്.ടി.10-1572/81/ 02.12.81 | 14 |
| 82-83 | | 2 |
| 83-84 | | 2 |
| 84-85 | | 1 |
| 85-86 | | 5 |
| 86-87,87-88 | എൽ.എഫ്.ടി.എസ്.2-1612/11 /27.10.11/13.01.12 | 10 |
| 88-89,89-90 | | 9 |
| 90-91 | | 3 |
| 91-92 | | 9 |
| 92-93, 93-94 | | 11 |
| 94-95 | | 19 |

| | | |
|---|---|---|
| 95-96 | | 3 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-768/97/ 03.07.99/ 04.11.99 | |
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/ 03.12.05 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/ 13.03.2000 | |
| 98-99 | എൽ.എഫ്.ടി.12-619/01/ 16.07.01 | |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.10- 1024/03 /03-10-03/08-09-04 | |
| 99-2000 (വരവ്) | എൽ.എഫ്.ടി.10- 1935/07/ 08.11.08 | |
| 2000-01 | എൽ.എഫ്.ടി.10-1573/08/ 11.02.04 | |
| 2000-01 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/ 18.11.08 | |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/ 29.07.09 | |
| 2002-03 | എൽ.എഫ്.ടി.10-865/08/ 29.07.09/ 07.10.09 | |
| 2003-04 | എൽ.എഫ്.ടി.10-2661/08/ 15.09.10 | |
| 2004-05 | എൽ.എഫ്.ടി.10-2662/08/ 15.09.10 | |
| 2005-06 | എൽ.എഫ്.ടി.10-584/10/ 15.09.10 | |
| 2006-07 | എൽ.എഫ്.ടി.10-585/10/ 15.09.10 | |
| 2007-08 | എൽ.എഫ്.ടി.10-1147/10/ 19.03.11 | |
| 2008-09 | എൽ.എഫ്.ടി.10-1165/10 / 22.03.11/ 03.10.11 | |
| 2009-10 & 2010-11 | എൽ.എഫ്.ടി.പി4-2277/12/ 13.02.13 | |
| 2011-12 | എൽ.എഫ്.ടി.പി4-1057/13/ 22.11.13/ 20.12.13 | |
| 2012-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.<br>(പി-4)770/15, 12-10-2015/<br>21-10-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ<br>(പി-4)1000/16<br>24-06-2016 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

# AUDIT CERTIFICATE

No. KSA-TSR(P4)/1893/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 05.11.2016

Certified that I have audited the Annaual Fianacial Statement of Vallathol Nagar Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Vallathol Nagar Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur

കെ.എസ്.എ.ടി.എസ്.ആർ.(പി4)1893/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 05.11.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

## അനുബന്ധം - 2

## ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

സ്ഥാപനം: വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം: 19.87ച.കീമി

ജനസംഖ്യ. 26,788

വാർഡുകളുടെ എണ്ണം 16

ആകെ ജീവനക്കാരുടെ എണ്ണം 21

സ്ഥിരം. 16

താൽക്കാലികം.04

കരാറടിസ്ഥാനത്തിൽ 01

ആകെ 21

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ദിനേശൻ.എം. | ഓഡിറ്റ് ഓഫീസർ |
| 2 | റീനാ ജോസഫ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | സുനിൽ.പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ഷഹീർ.എസ്. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| പേര് | കാലയളവ് |
|---|---|
| ശ്രീ.എം.സുലൈമാൻ | 01-04-2015 മുതൽ 30-11-2015വരെ |
| ശ്രീമതി.പി.പത്മജ | 01-12-2015 മുതൽ 31-03-2016 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.വി.മായ. | 01-04-2015 മുതൽ 24-27-2015വരെ |
| ശ്രീ.മധു.എസ്. | 24-07-2015 മുതൽ 28-07-2015 വരെ |
| ശ്രീ.ജോർജ്ജ്.എം.എം. | 29-07-2015 മുതൽ 20-02-2016 വരെ |
| ശ്രീ.എൻ.എം.ഷെരീഫ് (അഡി.ചാർജ്ജ്) | 20-02-2016 മുതൽ 31-03-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | എൻ.ഹരികുമാർ | 01-04-2015മുതൽ 24-07-2015വരെ |
| | ജോൺ.പി.അറയ്ക്കൽ | 19-08-2015മുതൽ 31-03-2016വരെ |
| അസി.എഞ്ചിനീയർ | നിമിഷ.വി.കൃഷ്ണൻ | 01-04-2015മുതൽ 31-03-2016വരെ |

| | | |
|---|---|---|
| വി.ഇ.ഓ | കെ.എ.ഷൺമുഖൻ<br>ചെറുത്തുരുത്തി സർക്കിൾ | 01-04-2015മുതൽ<br>31-03-2016വരെ |
| | ജ്യോതി.എൻ.എൻ.<br>നെടുംമ്പുര സർക്കിൾ | 01-04-2015മുതൽ<br>31-03-2016വരെ |
| കൃഷിഓഫീസർ | ഇന്ദു.വി.കെ. | 01-04-2015മുതൽ<br>31-08-2015വരെ |
| | അജി.കെ.എ. | 01-09-2015മുതൽ<br>31-03-2016വരെ |
| മെഡി.ഓഫീസർ പി.എച്ച്.സി | ഡോ.താര.എം.എ. | 01-04-2015മുതൽ<br>07-06-2015വരെ |
| | ഡോ.ഫ്രാൻസിസ് ജിമ്മിജോർജ്ജ് | 08-06-2015മുതൽ<br>08-09--2015വരെ |
| | ഡോ.സുരേഷ്.എ.വി. | 09-09-2015മുതൽ<br>31-03-2016വരെ |
| മെഡി.ഓഫീസർ<br>ആയുർവ്വേദം | ഡോ.സിന്ധു ജോസഫ് | 01-04-2015മുതൽ<br>31-03-2016വരെ |
| വെറ്ററിനറി സർജൻ | ഡോ.പത്മജ.പി.ബി. | 01-04-2015മുതൽ<br>31-03-2016വരെ |
| ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്.<br>ചെറുതുരുത്തി | പ്രസന്ന.പി.യു. | 01-04-2015മുതൽ<br>31-03-2016വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | മിനി.പി.കെ. | 01-04-2015മുതൽ<br>31-03-2016വരെ |
| മെഡി.ഓഫീസർ<br>ഹോമിയോ | ഡോ.ഹരീഷ്.പി.കെ. | 01-04-2015മുതൽ<br>31-03-2016വരെ |

ഡെപ്യൂട്ടി ഡയറക്ടർ